പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6146 — 09.07.2013-ൽ മറുപടിക്ക്

## മത്സ്യ തൊഴിലാളി പെൻഷൻ സംബന്ധിച്ച പരാതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.ദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കോർ ബാങ്കിംഗ് അക്കൗണ്ട് നിർബന്ധമാക്കിയതോടെ അർഹരായ മത്സ്യ തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കോർ ബാങ്കിംഗ് നിർബന്ധമാക്കിയതോടെ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടും, പേരിലും ഇൻഷ്യലിലും ഉള്ള വ്യത്യാസവും, കോർ ബാങ്കിംഗ് സൗകര്യമില്ലാത്ത അക്കൗണ്ട് നമ്പർ തന്നവർക്കുമാണ് കോർ ബാങ്കിംഗ് സംവിധാനത്തിലൂടെ തുക കോർ ചെയ്യുവാൻ സാധിക്കാത്തത്. ഇങ്ങനെയുള്ള ഗുണഭോക്താക്കളിൽ നിന്നും പരാതി വാങ്ങി ആയത് തെറ്റുതിരുത്തി കോർ ബാങ്കിംഗ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ രോഗികളും അവശരുമായ 5588 മത്സ്യത്തൊഴിലാളി പെൻഷൻകാർക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മണിയോർഡർ മുഖേന പെൻഷൻ നൽകുന്നുണ്ട്. |
| (ബി) | പെൻഷൻ നിഷേധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ക്ഷേമനിധി ഓഫീസുകളിൽ തീർപ്പാവാതെ കെട്ടിക്കിടപ്പുണ്ട് എന്നത് ജില്ലതിരിച്ച് വ്യക്തമാക്കാമോ ? | (ബി) | പെൻഷന് അർഹതയുള്ള ഒരപേക്ഷയും നിഷേധിക്കപ്പെട്ടിട്ടില്ല. 2012-13 വർഷത്തിൽ ലഭിച്ച അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ